# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 3200 07.11.2019 -ൽ മറുപടിയ്ക്ക്

## വില്ലേജ് ഓഫീസുകളുടെ ശോചനീയാവസ്ഥ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഗീതാ ഗോപി : | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വില്ലേജ് ഓഫീസുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിനും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും(Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ആഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതു സമയത്തും എവിടെവച്ചും ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. നടപ്പ് സാമ്പത്തിക വർഷം സ്മാർട്ട് റവന്യൂ പദ്ധതിയ്ക്കായി 72 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് 50 വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടവും ഫർണിച്ചറും ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ അടിസ്ഥാന സൗകര്യ വികസനം എന്ന പദ്ധതി പ്രകാരം കുടിവെള്ള സൗകര്യം ലഭ്യമാക്കൽ, ടോയിലറ്റ് നിർമ്മാണം, അഡീഷണൽ റൂം നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം എന്നിവയാണ് വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നത്. 2019-20 സാമ്പത്തിക വർഷം പ്രസ്തുതപ്രവൃത്തിയ്ക്കായി 1800 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ആയതിനുള്ള ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഓഫീസുകളിലെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള സ്റ്റേഷനറി സാധനങ്ങൾ യഥാസമയം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പരിശോധിക്കാവുന്നതാണ്. |
| (സി) | കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയതുപോലെ മറ്റ് ജില്ലകളിലും വില്ലേജ് ഓഫീസുകളുടെ വൈദ്യുതി ചാർജ്ജ് ജില്ലാതലത്തിൽ അടക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ; | (സി) യും (ഡി) യും | നിലവിൽ പരിഗണനയിലില്ല. |
| (ഡി) | കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയതുപോലെ സംസ്ഥാനത്തെ മുഴുവൻ വില്ലേജ് ഓഫീസുകളിലും ഇൻവെർട്ടറുകൾ സ്ഥാപിക്കുന്നതിന് എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | | |
| (ഇ) | ഇല്ലെങ്കിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ